# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4358** — **21.03.2018-ൽ മറുപടിയ്ക്ക്**

**<u>സൈനിക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സൈനിക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കമോ ; | (എ) തനത് ഫണ്ടിൽ നിന്നും നൽകി വരുന്ന പദ്ധതികൾ<br>• നിർദ്ധനരായ വിമുക്തഭടന്മാർക്ക് സാമ്പത്തിക സഹായം- എസ്.എം.ബി.എഫ്.<br>• നിർദ്ധനരായ വിമുക്തഭടന്മാർക്ക് സാമ്പത്തിക സഹായം- ഡി.എം.ബി.എഫ്.<br>• വിവാഹ ഗ്രാന്റ്- വിമുക്തഭടന്റെ 2 പെൺമക്കൾക്ക്.<br>• അടിയന്തിര സാമ്പത്തിക സഹായം.<br>• മരണാനന്തരം നൽകുന്ന എക്സ്ഗ്രേഷ്യാ ഗ്രാന്റ്.<br>• അന്ധരായ വിമുക്തഭടന്മാർക്ക് / വിധവകൾക്ക് / ഭാര്യക്ക്/ മക്കൾക്ക് പ്രതിമാസ ധനസഹായം.<br>• മാനസികമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ധനസഹായം.<br>• ശാരീരികമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രതിമാസധനസഹായം.<br>• പോക്കറ്റ് മണി- ക്ഷയരോഗ / കുഷ്ഠരോഗ വിമുക്തഭടന്മാർക്ക് ധനസഹായം.<br>• ഓണാഘോഷത്തിന് ഗ്രാന്റ്- ക്ഷയ/ കുഷ്ഠ/ ക്യാൻസർ രോഗികൾക്ക്.<br>• മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ് - ക്ഷയ/ കുഷ്ഠ രോഗികൾക്ക്.<br>• തയ്യൽ മെഷീൻ വിതരണം - |

| | |
|---|---|
| | വിമുക്തഭടന്റെ വിധവകൾക്ക്.<br>• ക്യാൻസർ രോഗികൾക്ക് മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്.<br>• എസ്.എസ്.എൽ.സി-യ്ക്ക് ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ്.<br>• വീട് നന്നാക്കുവാൻ ഗ്രാന്റ്-വിമുക്തഭടന്റെ വിധവകൾക്ക്.<br>• സ്വയം തൊഴിൽ കണ്ടെത്തുവാൻ വിമുക്തഭടൻമാർക്ക് പരിശീലനം.<br>• മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനും പരിശീലന ധനസഹായം.<br>• വിമുക്തഭടന്മാർക്കും ആശ്രിതർക്കും കമ്പ്യൂട്ടർ പരിശീലന ധനസഹായം.<br>• പാരാപ്ലജിക് റീഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികൾക്ക് സാമ്പത്തിക സഹായം.<br>• വിമുക്തഭടന്മാരുടെ മക്കൾക്ക് മത്സര പരീക്ഷകളിൽ SET /NET/JRF etc പരിശീലനത്തിന് സാമ്പത്തിക സഹായം.<br>• വിമുക്തഭടന്മാർക്കും വിധവകൾക്കും എംബ്രോയിഡറി മെഷീൻ വാങ്ങി വിതരണം.<br>• വൃക്ക രോഗികൾക്ക് ഡയാലിസിസിന് സാമ്പത്തിക സഹായം.<br>• അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം (Kidney, Liver, Hip, Knee) ധനസഹായം.<br>• മെഡിക്കൽ റിലീഫ് ഗ്രാന്റ് - വിമുക്തഭടന്മാർക്കും ആശ്രിതർക്കും.<br>• സ്വയം തൊഴിലിനായി വിമുക്തഭടന്റെ ഭാര്യക്കും വിധവകൾക്കും ധനസഹായം.<br>• ഗ്രൂപ്പായ /തൊഴിൽ രഹിതരായ വിമുക്തഭടന്മാർക്കും വിധവകൾക്കും തയ്യൽ /എംബ്രോയിഡറി മെഷീൻ |

| | |
|---|---|
| | വാങ്ങി വിതരണം.<br>• ഒറ്റത്തവണ ക്യാഷ് അവാർഡ്- +2 / 12th ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്ക് .<br>• സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ വിവിധ കോഴ്സുകൾക്ക് നൽകുന്ന സ്കോളർഷിപ്പ്.<br>• ഓർഫൻ ഗ്രാന്റ്.<br>• സൈനിക സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്.<br>• ഐ.ടി.ഐ ട്രെയിനിംഗിന് ധനസഹായം.<br>• എൻട്രൻസ് കോച്ചിംഗ് സാമ്പത്തിക സഹായം.<br>• രോഗികളായ രണ്ടാം ലോക മഹായുദ്ധ സേനാനികൾക്ക് ചികിത്സാ സഹായം.<br>• വൃദ്ധസദനങ്ങളിൽ കഴിയുന്ന വിമുക്തഭടന്മാർക്കും / വിധവകൾക്കും ധനസഹായം.<br>• സ്വയംതൊഴിൽ വായ്പകൾക്ക് പലിശ സബ് സിഡി.<br>• സ്വയംതൊഴിൽ സഹായസംഘങ്ങൾക്ക് ധനസഹായം.<br>സംസ്ഥാന ബഡ്ജറ്റിൽ നിന്നും നൽകി വരുന്ന പദ്ധതികൾ<br>• രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം (M.F.A).<br>• ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പ് ധനസഹായം.<br>• ഗ്യാലന്ററി /നോൺ ഗ്യാലന്ററി അവാർഡുകൾ നൽകി വരുന്നു.<br>• യുദ്ധത്തിലോ / യുദ്ധസമാന സാഹചര്യത്തിലോ മരണപ്പെട്ടവരോ, അംഗവൈകല്യം സംഭവിച്ചവർക്കോ ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകി വരുന്നു. |

| | |
|---|---|
| (ബി) ഇതിനായി കേന്ദ്ര സർക്കാർ കഴിഞ്ഞ അഞ്ച് വർഷമായി എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ; | ഇല്ല. |
| (സി) ഈ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതം എത്ര ശതമാനമാണ് ; വ്യക്തമാക്കുമോ ; | 100 ശതമാനം. |
| (ഡി) ഈ വകുപ്പിന് സ്വന്തമായി ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ? | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ